# Malayala Manorama
# 29 August 2018
# Thiruvananthapuram, Flood Relief Fund

## ഒരു മാസത്തെ ശമ്പളവുമായി കൂടുതൽ പേർ



തിരുവനന്തപുരം ● മന്ത്രിമാരായ എ.കെ.ശശീന്ദ്രൻ, എം.എം.മണി, രാമചന്ദ്രൻ കടന്നപ്പള്ളി, മാത്യു ടി. തോമസ് എന്നിവരും ഇവരുടെ പഴ്സനൽ സ്റ്റാഫ് അംഗങ്ങളും ഒരു മാസത്തെ ശമ്പളം സംഭാവന നൽകി.

എല്ലാ ഐപിഎസ് ഉദ്യോഗസ്ഥരും ഒരു മാസത്തെ ശമ്പളം നൽകുമെന്ന് ഐപിഎസ് അസോസിയേഷൻ സെക്രട്ടറിയും തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണറുമായ പി. പ്രകാശ് അറിയിച്ചു. സംസ്ഥാന വിവരാവകാശ കമ്മിഷണർമാരും ഒരു മാസത്തെ ശമ്പളം നൽകും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ ഒരു മാസത്തെ ശമ്പളവും ഒരു മാസത്തെ എംഎൽഎ പെൻഷനും കൈമാറി. ബാലാവകാശ കമ്മിഷൻ ആക്ടിങ് ചെയർമാൻ സി.ജെ. ആന്റണി ഒരുമാസത്തെ ശമ്പളം നൽകി.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള കേരള ഫീഡ്സ് ലിമിറ്റഡ്, കേരള പൗൾട്രി ഡവലപ്മെന്റ് കോർപറേഷൻ, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ എന്നിവിടങ്ങളിലെ ചെയർമാൻമാരുടെ ഒരു മാസത്തെ ഓണറേറിയവും ജീവനക്കാരുടെ ശമ്പളവും കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും നൽകും.

കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ അംഗങ്ങൾ, കെഎസ്ഇബി ഓഫിസേഴ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർ ഒരു മാസത്തെ ശമ്പളം നൽകും. കെ.മുരളീധരൻ എംഎൽഎ ഒരു മാസത്തെ ശമ്പളവും മുൻമന്ത്രി പന്തളം സുധാകരൻ, കേരള കോൺഗ്രസ്(എം) സംസ്ഥാന ജനറൽ സെക്രട്ടറി സ്റ്റീഫൻ ജോർജ് എന്നിവർ ഒരു മാസത്തെ പെൻഷനും നൽകും.

ഒരു മാസത്തെ ശമ്പളവും കുടുംബാംഗങ്ങളുടെ ഒരു മാസത്തെ വരുമാനവും നൽകുമെന്ന് പി.സി.ജോർജ് എംഎൽഎ പറഞ്ഞു.